**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 320** **07-10-2024 - ൽ മറുപടിയ്ക്ക്**

**തീരദേശ പരിപാലന നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തീരദേശ പരിപാലന നിയമത്തിൽ (സിആർ സെഡ് സോൺ ) ഇളവുകൾ അനുവദിച്ച് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പൂർണ്ണ വിശദാംശം ലഭ്യമാക്കുമോ ; | (എ) | കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥ വ്യതിയാന മന്ത്രാലയം, 18.01.2019-ലെ G.S.R.37(E) നമ്പർ പ്രകാരം പുറപ്പെടുവിച്ച 2019-ലെ സിആർഇസഡ് വിജ്ഞാപന പ്രകാരം തയ്യാറാക്കിയ 2019-ലെ തീരദേശ പരിപാലന പ്ലാൻ കേന്ദ്രസർക്കാരിന്റ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. |
| (ബി) | കേരളത്തിലെ എത്ര പഞ്ചായത്തുകൾ / മുൻസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾ ആണ് ഇളവിനായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനെ സമീപിച്ചതെന്നും ആയതിൽ എത്ര തദ്ദേശ സ്ഥാപനങ്ങൾക്ക് ഇളവുകൾ ലഭിച്ചു എന്നും വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന സർക്കാർ ശിപാർശ ചെയ്ത 175 ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 66 ഗ്രാമ പഞ്ചായത്തുകളെയാണ് CRZ II ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബാക്കി 109 ഗ്രാമപഞ്ചായത്തുകളെ കൂടി CRZ II ൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനത്ത് തീരദേശ മേഖലയിലെ എല്ലാ മുനിസിപ്പാലിറ്റികളെയും കോർപ്പറേഷനുകളെയും CRZ II ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഉൾപ്പെട്ട പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും CRZ II ന്റെ ഇളവുകളും കൂടാതെ 37 ഗ്രാമ പഞ്ചായത്തുകൾക്ക് CRZ III – യിലെ ഇളവുകളും ലഭിക്കുന്നതാണ്. |
| (സി) | സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സർക്കാർ ആദ്യം ഉൾപ്പെടുത്തിയതിൽ ബാക്കിയുള്ള തദ്ദേശ സ്ഥാപനങ്ങൾക്ക് കൂടി ഇളവ് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | സംസ്ഥാന സർക്കാർ ശിപാർശ ചെയ്ത 175 ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 66 ഗ്രാമ പഞ്ചായത്തുകളെയാണ് CRZ II ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബാക്കി 109 ഗ്രാമപഞ്ചായത്തുകളെ കൂടി CRZ II ൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനത്ത് തീരദേശ മേഖലയിലെ എല്ലാ മുനിസിപ്പാലിറ്റികളെയും കോർപ്പറേഷനുകളെയും CRZ II ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഉൾപ്പെട്ട പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും |

| | | | |
|---|---|---|---|
| | | | കോർപ്പറേഷനുകൾക്കും CRZ II ന്റെ ഇളവുകളും കൂടാതെ 37 ഗ്രാമ പഞ്ചായത്തുകൾക്ക് CRZ III A–യിലെ ഇളവുകളും ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ